# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2342 08.07.2015-ൽ മറുപടിയ്ക്ക്**

## <u>തടയണകളുടെ നിർമ്മാണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തടയണകളുടെ നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ)&(ബി)<br>2015-16 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) ചേലക്കര മണ്ഡലത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണത്താൽ മുടങ്ങിക്കിടക്കുന്ന ചെറുതുരുത്തി തടയണ നിർമ്മാണം ജലവിഭവ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) മുടങ്ങിക്കിടക്കുന്ന ചെറുതുരുത്തി തടയണയുടെ ശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിനായി 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2015-16 ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ല. എന്നാൽ ആർ.എം.എഫ്ൽ ഉൾപ്പെടുത്തി പ്രസ്തുത തടയണയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിയ്ക്കായി സംസ്ഥാന ഉന്നത തല സമിതിയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**